⇨ *ഉന്നതാധികാര സമിതിയുടെ നിർദേശങ്ങളായിരുന്നു സംസ്ഥാനം കേന്ദ്രത്തെ അറിയിച്ചത്* ⇨

# കൊക്കക്കോളയ്ക്ക് കേരളത്തിൽ എന്തും സാധ്യമാണ്

ഈ സീസണിൽ ശബരിമലയിലെ ശീതളപാനീയ വിപണിയുടെ കുത്തകാവകാശം കൊക്കക്കോള കമ്പനിക്ക് ലഭിക്കുകയുണ്ടായി. പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ ഭാവി വീണ്ടും സംസ്ഥാന സർക്കാരിന്റെ പരിധിയിലെത്തുകയും, കൊക്കക്കോളയുടെ ഉന്നത ഉദ്യോഗസ്ഥർ പ്രതിചേർക്കപ്പെട്ട പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരമുള്ള കേസിന്റെ അന്വേഷണം ഇഴഞ്ഞുനീങ്ങുകയും ചെയ്യുമ്പോൾ കോള കമ്പനിക്ക് സർക്കാർ സംവിധാനങ്ങളിലൂടെ ശബരിമലയിലേക്ക് വരെ അനായാസം പ്രവേശിക്കാൻ കഴിയുന്നത് എന്തുകൊണ്ടാണ്?

**■ നീതുദാസ്**

**ശബരിമലയെ** ദേശീയ തീർഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്നും പെരിയാർ ടൈഗർ റിസർവിൽ നിന്ന് 500 ഹെക്ടർ വനഭൂമി ശബരിമലയുടെ വികസനത്തിനായി വിട്ടുകിട്ടണമെന്നും സംസ്ഥാന സർക്കാർ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടത് രണ്ടു വർഷം മുമ്പാണ്. ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി 1250 കോടി രൂപയുടെ ധനസഹായം നൽകണമെന്നും അന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രധാനമന്ത്രി നരേന്ദ്ര മോദിയെ നേരിൽക്കണ്ട് ബോധ്യപ്പെടുത്തി. ശബരിമലയുടെ വികസനത്തിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച ഉന്നതാധികാര സമിതിയുടെ നിർദേശങ്ങളായിരുന്നു സംസ്ഥാനം കേന്ദ്രത്തെ അറിയിച്ചത്. നിലയ്ക്കലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും നിലക്കൽ-പമ്പ മോണോ റെയ്ൽ പദ്ധതിക്കുമായി ധനസഹായം നൽകാനും കേന്ദ്ര സർക്കാരിന്റെ തീർഥാടന പദ്ധതിയിൽ ശബരിമലയെയും ഉൾപ്പെടുത്താനും സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടു. തീർഥാടകരുടെ തിരക്കും സൗകര്യവും കണക്കിലെടുക്കുമ്പോൾ ശബരിമലയിൽ ഒരു വിമാനത്താവളം അത്യാവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞത് ഒരു മാസം മുമ്പാണ്. വിമാനത്താവളത്തിനായുള്ള സ്ഥലം കണ്ടെത്തിയാലുടൻ എൻ.ഒ.സി നൽകാമെന്ന ഉറപ്പ് കേന്ദ്രമന്ത്രിയെ നേരിട്ട് കണ്ട് വാങ്ങിയതിന് ശേഷമായിരുന്നു മുഖ്യമന്ത്രിയുടെ പ്രഖ്യാപനം. ഇങ്ങനെ എത്രയും പെട്ടെന്ന് വികസിപ്പിക്കേണ്ട ഒരു പ്രദേശമായി ശബരിമല അവതരിപ്പിക്കപ്പെടുന്ന പശ്ചാത്തലത്തിലാണ് ഈ സീസണിൽ ശബരിമലയിലെ ശീതളപാനീയ വിപണിയുടെ കുത്തകാവകാശം കൊക്കക്കോള കമ്പനി നേടിയത്. നിയമങ്ങൾ മറികടന്ന് കൊക്കക്കോള കമ്പനി ടെണ്ടർ നേടുന്നതിന് ദേവസ്വം ബോർഡിൽ സ്വാധീനം ചെലുത്തിയിരുന്നോ ഇല്ലയോ എന്ന ചർച്ച അപ്രസക്തമാണ്. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ല് രാഷ്ട്രപതിയുടെ അനുമതിയില്ലാതെ കേന്ദ്രം തിരിച്ചയക്കുകയും സംസ്ഥാനത്തിന്റെ പരിഗണനയിലിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, സംസ്ഥാനത്ത് എസ്.സി/എസ്.ടി അട്രോസിറ്റീസ് ആക്ട് പ്രകാരമുള്ള ക്രിമിനൽ കേസിൽ കമ്പനിയുടെ ഉന്നത ഉദ്യോഗസ്ഥർ പ്രതിചേർക്കപ്പെട്ടുകഴിഞ്ഞിട്ടും, കമ്പനിക്ക് വിപണിയിലും സർക്കാരിന്റെ ടെൻഡറിലും പങ്കെടുക്കുന്നതിന് തടസ്സങ്ങളൊന്നും നേരിടേണ്ടി വരുന്നില്ല. ശബരിമലയിലെത്തുന്ന കോടിക്കണക്കിന് തീർഥാടകരുടെയും വനമേഖലയുടെ ജൈവവൈവി



ശബരിമലയിലെ കൊക്കക്കോള, കടപ്പാട്: മാതൃഭൂമി

ധ്യത്തിന്റെയും ചെലവിൽ ക്രിമിനൽ കമ്പനി പരസ്യവും ലാഭവും നേടുകയാണ്.

**കൊക്കക്കോളയുടെ മലകയറ്റം**

ഇന്ത്യയിലെ 48 കടുവാ സങ്കേതങ്ങളിൽ വെച്ച് വളരെ പ്രാധാന്യമുള്ള ഒന്നാണ് 925 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പെരിയാർ കടുവാ സങ്കേതം. വംശനാശ ഭീഷണി നേരിടുന്നതും തദ്ദേശീയവുമായ ഒട്ടേറെ സസ്യജന്തുജാലങ്ങളുടെ കലവറയായ പെരിയാർ കടുവാ സങ്കേതത്തിന്റെ ക്രിട്ടിക്കൽ ഹാബിറ്റാറ്റിന്റെ കോർ ഏരിയയിലാണ് ശബരിമല എന്ന തീർഥാടന ടൂറിസ നഗരം വളർന്നുകൊണ്ടിരിക്കുന്നത് എന്നതാണ് വിരോധാഭാസം. ഓരോ സീസണിലും അഞ്ചു കോടി വരെ  മനുഷ്യർ വന്നുപോകുമ്പോൾ അത് വനമേഖലയെ അപകടകരമായ രീതിയിൽ ബാധിക്കുന്നുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ പരിഹാരനടപടികൾക്ക് ശ്രമമുണ്ടായിട്ടുണ്ടെങ്കിലും തീർഥാടന ടൂറിസത്തിന്റെ വരുമാനത്തിൽ കണ്ണുവെച്ച് പദ്ധതികൾ തയ്യാറാക്കുന്ന സർക്കാരിന് കാര്യക്ഷമമായി ഇതിൽ ഇടപെടാൻ കഴിയില്ല. കഴിഞ്ഞ വർഷം ഡിസംബറിൽ വന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ശബരിമലയിൽ പ്ലാസ്റ്റിക് ബോട്ടിലുകൾ നിരോധിക്കപ്പെട്ടത്. തീർഥാടനക്കാലത്ത് കാടിനുള്ളിൽ വൻതോതിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നുണ്ടെന്നും ഇത്തരത്തിൽ കുന്നുകൂടുന്ന പ്ലാസ്റ്റിക് കുപ്പികൾ വനപ്രദേശത്തെ ആവാസവ്യവസ്ഥക്ക് വലിയ രീതിയിൽ ആഘാതമേൽപ്പിക്കുന്നുണ്ടെന്നും വനംവകുപ്പ് ഉദ്യോഗസ്ഥൻ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കോടതി ഉത്തരവിറക്കിയത്. ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണനും ജസ്റ്റിസ് അനു ശിവരാമനും അടങ്ങിയ ബെഞ്ച് ശബരിമലയിൽ സന്നിധാനം, നിലക്കൽ, പമ്പ, വണ്ടിത്താവളം, എരുമേലി എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് ബോട്ടിലുകളും കവറുകളും നിരോധിച്ചു. ശബരിമലയിൽ മാലിന്യം വലിച്ചെറിയുന്നവർ വന്യജീവി സംരക്ഷണ നിയമം അനുസരിച്ച് ശിക്ഷാർഹരാണെന്നും ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. ഇത് നടപ്പിൽ വരുത്തുന്നതിനായി അനുബന്ധ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാരിനോടും മലിനീകരണ നിയന്ത്രണ ബോർഡിനോടും തിരുവിതാംകൂർ ദേവസ്വം ബോർഡിനോടും കോടതി ആവശ്യപ്പെടുകയും ചെയ്തു. അന്ന് ശബരിമല പൂങ്കാവനത്തിനടുത്ത് ചത്ത മ്ലാവിന്റെ ശവശരീരത്തിൽ നിന്ന് നാലര കിലോ പ്ലാസ്റ്റിക് പോസ്റ്റ്മോർട്ടത്തെ തുടർന്ന് പുറത്തെടുക്കുകയും ചെയ്തിരുന്നു. ശബരിമലയിൽ പ്ലാസ്റ്റിക് കുപ്പികളിലുള്ള കുടിവെള്ളവും ശീതളപാനീയങ്ങളും ദേവസ്വം ബോർഡ് നിരോധിക്കുന്നതിന് ഇത്തരത്തിലൊരു സവിശേഷ സാഹചര്യമുണ്ടായിരുന്നു.

എന്നാൽ ഇതേ ദേവസ്വം ബോർഡ് തന്നെ ടിന്നുകളിലുള്ള ശീതളപാനീയത്തിന് അനുമതി നൽകിയത് പ്ലാസ്റ്റിക് നിരോധനം കൊണ്ട് പ്രതീക്ഷിച്ച ഫലങ്ങളെ ഇല്ലാതാക്കുകയാണ് ചെയ്തത്. പ്ലാസ്റ്റിക് കുപ്പികൾ കാരണമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ ടിൻബോട്ടിലുകളും സൃഷ്ടിക്കുന്നുണ്ട്. ഇൻസിനേറ്ററുകളിൽ പ്ലാസ്റ്റിക് ഉരുകി കട്ടപിടിക്കുന്നതാണ് സംസ്കരണത്തിന് പ്രശ്നമായി നിന്നിരുന്നതെങ്കിൽ ടിൻ ബോട്ടിലുകളുടെ സംസ്കരണത്തിനും അതേ പ്രശ്നം നേരിടുന്നുണ്ട്. ഇൻസിനേറ്ററിന്റെ പ്രവർത്തന

ത്തെതന്നെ കേടുവരുത്തുമെന്നതിനാൽ ടിൻ മാലിന്യങ്ങൾ ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിന് മുന്നിൽ കുന്നുകൂടി കിടക്കുകയാണ്. ശീതളപാനീയ ടിന്നുകൾ നിരോധിക്കണമെന്ന് കാണിച്ച് വനവകുപ്പ്, ഹൈക്കോടതി നിയോഗിച്ച ശബരിമല സ്പെഷൽ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് കമ്മീഷണർ എം. മനോജ് ഹൈക്കോടതിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. നിലവിൽ ടിൻ ബോട്ടിലുകളിലുള്ള കൊക്കക്കോളയും പെപ്സിയും അതുപോലുള്ള മറ്റ് ശീതളപാനീയങ്ങൾ നിരോധിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി മലിനീകരണ നിയന്ത്രണ ബോർഡിനോട് തീരുമാനമെടുക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ശബരിമലയിൽ ടിൻ ബോട്ടിലുകൾ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പൊതു താത്പര്യ ഹർജി ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. ടിൻ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ടെൻഡർ നേടിയ കമ്പനിയുടെ ഉത്തരവാദിത്തമാണെന്ന് ദേവസ്വം ബോർഡ് പറഞ്ഞൊഴിയുന്നുണ്ടെങ്കിലും, കമ്പനി ഇക്കാര്യത്തിൽ ഒരു തരത്തിലുള്ള നടപടിക്കും മുതിർന്നിട്ടില്ല.

ശബരിമലയിൽ പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തീർഥാടകർക്കുള്ള കുടിവെള്ളത്തിനായി സർക്കാർ സംവിധാനങ്ങൾ ഒരുക്കിയിരുന്നു. എന്നാൽ തീർഥാടകരുടെ ആവശ്യത്തിന് അത് പര്യാപ്തമാകുമോ എന്ന ആശങ്കയുടെ അടിസ്ഥാനത്തിലാണ് ശീതളപാനീയങ്ങൾക്ക് ശബരിമലയിൽ അനുമതി നൽകിയത് എന്നാണ് സർക്കാർ വിശദീകരണം. ഇതിനായുള്ള ടെൻഡർ വ്യവസ്ഥകളിൽ, ടെൻഡർ നേടുന്ന കമ്പനി നിലക്കൽ മുതൽ സന്നിധാനം വരെയുള്ള കടകളിൽ അമ്പത് വെന്റിങ് മെഷീനുകൾ സ്ഥാപിക്കണമെന്ന നിബന്ധന ഉൾപ്പെടുത്താൻ ദേവസ്വം ബോർഡിൽ സ്വാധീനം ചെലുത്തി ഇടപെടൽ നടത്തിയെന്നതാണ് കൊക്കക്കോള കമ്പനിക്കെതിരെയുള്ള ആരോപണം. ഒരു വെന്റിങ് മെഷീന് രണ്ട് ലക്ഷം രൂപ നിരക്കിൽ ഒരു കോടി രൂപ ചെലവാക്കാൻ കഴിയാത്ത തദ്ദേശ കമ്പനികൾ ടെൻഡർ വ്യവസ്ഥകളിൽ നിന്ന് പുറത്താവുകയും അതുവഴി കൊക്കക്കോള കമ്പനി ടെൻഡർ നേടുകയുമാണ് ഉണ്ടായതെന്നും ആരോപിക്കപ്പെടുന്നു. ലൈസൻസോ വെന്റിങ് മെഷീനിൽ ഉപയോഗിക്കുന്ന റെഡി-മിക്സ് ലായനിയുടെയും വെള്ളത്തിന്റെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്ന സർട്ടിഫിക്കറ്റോ ഇല്ലാതെയാണ് കൊക്കക്കോളയുടെ വെന്റിങ് മെഷീനുകൾക്ക് ബോർഡ് അനുമതി നൽകിയത്. ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധനയിൽ കൊക്കക്കോളയുടെ വെന്റിങ് മെഷീൻ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തുകയും ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി വിൽപ്പന നിർത്തിവെക്കാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്.

ലൈസൻസോ വെന്റിങ് മെഷീനിൽ ഉപയോഗിക്കുന്ന റെഡി–മിക്സ് ലായനിയുടെയും വെള്ളത്തിന്റെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്ന സർട്ടിഫിക്കറ്റോ ഇല്ലാതെയാണ് കൊക്കക്കോളയുടെ വെന്റിങ് മെഷീനുകൾക്ക് ബോർഡ് അനുമതി നൽകിയത്. ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധനയിൽ കൊക്കക്കോളയുടെ വെന്റിങ് മെഷീൻ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തുകയും ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി വിൽപ്പന നിർത്തിവെക്കാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്.

2006ൽ കൊക്കക്കോളയും പെപ്സിയും പൊതുജനാരോഗ്യത്തിന് അപകടകരമാണെന്ന് കാണിച്ച് സംസ്ഥാന സർക്കാർ നിരോധിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷാ നിയമങ്ങളിലെ പോരായ്മകൾ കാരണം കോടതിയിൽ നിന്ന് അനുകൂല വിധി നേടാൻ കമ്പനികൾക്ക് കഴിഞ്ഞു. ഡൽഹി ആസ്ഥാനമായുള്ള സംഘടനയായ സി.എസ്.ഇ നടത്തിയ രാസപരിശോധനയിൽ കൊക്കക്കോളയും പെപ്സിയും അടക്കമുള്ള ശീതളപാനീയങ്ങളിൽ വിവിധതരം കീടനാശിനികളുടെ കോക്ക്ടെയ്ൽ കണ്ടെത്തിയതിന്റെ വെളിച്ചത്തിലായിരുന്നു സംസ്ഥാന സർക്കാർ നിരോധനം പുറപ്പെടുവിച്ചത്. ശരദ് പവാർ അധ്യക്ഷനായുള്ള ജോയിന്റ് പാർലമെന്ററി കമ്മിറ്റി സമാനമായ കണ്ടെത്തലുകൾ നടത്തിയെങ്കിലും കേന്ദ്ര സർക്കാർ റിപ്പോർട്ട് അംഗീകരിക്കാതെ കമ്പനികളെ രക്ഷിക്കുകയായിരുന്നു. കഫീൻ അടങ്ങിയ കൊക്കക്കോള മലകയറിയെത്തുന്ന തീർഥാടകരിൽ നെഞ്ചിടിപ്പും രക്തസമ്മർദ്ദവും കൂട്ടി ഹൃദയാഘാതത്തിന് വഴിവെക്കുമെന്ന് ആരോഗ്യ വിദഗ്ധർ വിലിയിരുത്തിയിട്ടുണ്ടെങ്കിലും അത്തരത്തിലുള്ള ഒരു അന്വേഷണവും നടത്തിയതിന് ശേഷമല്ല ശബരിമലയിൽ ദേവസ്വം ബോർഡ് കൊക്കക്കോളക്ക് അനുമതി നൽകിയിട്ടുള്ളത്.

2006ലെ അനുകൂലവിധിക്ക് ശേഷം വിപണിയിൽ കാര്യമായ ഒരു വെല്ലുവിളിയും കൊക്കക്കോളക്കോ പെപ്സിക്കോ നേരിടേണ്ടി വന്നിട്ടില്ലെന്നതാണ് യാഥാർഥ്യം.

**വിപണി തിരിച്ചുപിടിക്കുന്നു**

18 ലക്ഷം രൂപക്ക് ടെൻഡർ നേടിയ കൊക്കക്കോള കമ്പനി ഈ സീസണിൽ എട്ട് കോടി രൂപയുടെ വിൽപ്പനയാണ് ശബരിമലയിൽ ലക്ഷ്യമിടുന്നത്. കഴിഞ്ഞ വർഷം ഇത് ആറ് കോടി രൂപയായിരുന്നു. പ്ലാസ്റ്റിക് നിരോധനത്തിന്റെ പേരിൽ ആറ് കോടി രൂപയുടെ വിപണി നഷ്ടപ്പെടാതിരിക്കുക എന്നത് കൊക്കക്കോള കമ്പനിയെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ കാര്യമാണ്. കാരണം, പ്ലാച്ചിമട സമരത്തിന്റെ ആദ്യനാളുകളിൽ വിപണിയിൽ തിരിച്ചടികൾ നേരിട്ട കമ്പനി ഇപ്പോൾ ശക്തമായി തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. പ്ലാച്ചിമടയിൽ അടഞ്ഞുകിടക്കുന്ന കൊക്കക്കോള ഫാക്ടറിക്ക് സമീപമുള്ള പലചരക്ക് കടകൾ തൊട്ട് കേരളത്തിലെവിടെയുമുള്ള കടകളിൽ കൊക്കക്കോള ഉത്പന്നങ്ങൾ കിട്ടാനുണ്ട്. കടകളിൽ കൊക്കക്കോളയുടെ പരസ്യത്തോടുകൂടിയ കൂളറുകൾ സ്പോൺസർ ചെയ്തും പത്തും പതിനഞ്ചും രൂപക്ക് ചെറിയ ടിൻ, പ്ലാസ്റ്റിക് ബോട്ടിലുകൾ പുറത്തിറക്കിയും കമ്പനി അതിന്റെ സാന്നിധ്യം ഉറപ്പുവരുത്തുകയാണ്. എന്നാൽ ശബരിമലയിൽ ആറുകോടിയുടെ വിപണി മാത്രമല്ല കമ്പനി ലക്ഷ്യം വെക്കുന്നത്. വെറും മൂന്ന് മാസത്തിനുള്ളിൽ അഞ്ച് കോടിവരെ വരുന്ന ജനങ്ങൾക്ക് മുന്നിൽ പരസ്യപ്പെടുന്നതിന്റെ സാധ്യത കൂടിയാണ്. ലോകഫുട്ബോൾ മത്സരങ്ങൾ സ്പോൺസർ ചെയ്യുമ്പോൾ മത്സരവേദിയിൽ നടക്കുന്ന വിൽപ്പനയേക്കാൾ പരസ്യത്തിന്റെ സാധ്യത മുന്നിൽക്കാണുന്നത് പോലെ തന്നെയാണിത്. കേരളത്തിലെ ഉത്പാദന യൂണിറ്റ് താത്കാലികമായി നഷ്ടമായെങ്കിലും (പ്ലാച്ചിമട പ്ലാന്റിന്റെ ലൈസൻസുമായി ബന്ധപ്പെട്ട കേസ് സുപ്രീംകോടതിയിൽ പരിഗണനയിലാണെന്നതിനാൽ  പ്ലാച്ചിമടയിൽ നിന്ന് കൊക്കക്കോള കമ്പനി പൂർണ്ണമായി ഒഴിഞ്ഞുപോയെന്ന് പറയാൻ കഴിയില്ല), കേരളത്തിന്റെ വിപണിയിൽ ശക്തമായി പിടിച്ചുനിൽക്കാനുള്ള തന്ത്രങ്ങൾ കമ്പനി മുമ്പും നടപ്പിലാക്കിയിട്ടുണ്ട്.

**ഓർക്കുന്നുണ്ടോ 'ജീവധാര'**

പി. ചിദംബരം ആഭ്യന്ത്ര മന്ത്രിയായിരുന്ന കാലത്ത് കേരള നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ കൊക്കക്കോളയുടെ താത്പര്യം സംരക്ഷിക്കുന്നതിനായി രാഷ്ട്രപതിയുടെ പരിഗണനക്ക് വിടാതെ തടഞ്ഞുവെച്ചിരുന്നപ്പോൾ, കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ശുദ്ധജലവിതരണത്തിനായി ഒരു പദ്ധതി കൊക്കക്കോള കൊണ്ടുവന്നതും സമാനമായ തന്ത്രമായിരുന്നു. 'ജീവധാര' എന്ന പേരിലുള്ള പദ്ധതി എറണാകുളത്ത് ആറ് ആശുപത്രികളിൽ നടപ്പാക്കാനാണ് കമ്പനി ലക്ഷ്യമിട്ടിരുന്നത്. എറണാകുളത്തെയും ഫോർട്ട് കൊച്ചിയിലെയും ജനറൽ ആശുപത്രികളിൽ പോയാൽ ഉപയോഗിക്കാതെ മൂലക്കിരിക്കുന്ന, കൊക്കക്കോളയുടെ പരസ്യം പതിച്ച ഫിൽട്ടർ മെഷീനുകൾ കാണാൻ കഴിയും. കോർപ്പറേഷൻ വിതരണം ചെയ്തുകൊണ്ടിരുന്ന വെള്ളം ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പരസ്യം പതിച്ച ഒരു പ്യൂരിഫയറിലൂടെ കടത്തിവിട്ട് വിതരണം ചെയ്യുക എന്നതായിരുന്നു കമ്പനി ഉദ്ദേശിച്ചത്. കോർപ്പറേഷന്റെ കൂടി ചെലവിൽ കമ്പനിയുടെ പരസ്യപ്രചാരം. കമ്പനിക്കെതിരായ ബില്ല് കേന്ദ്രത്തിൽ പരിഗണനയിൽ ഇരിക്കെ അതേ സർക്കാരിലെ ഭക്ഷ്യ സഹമന്ത്രി കെ.വി തോമസ് ആയിരുന്നു എറണാകുളം ജനറൽ ആശുപത്രിയിലെ രണ്ട് യൂണിറ്റുകൾ ഉദ്ഘാടനം ചെയ്തത് എന്നത് കേന്ദ്രത്തിൽ കമ്പനിക്ക് സ്വാധീനമുണ്ടെന്നതിന്റെ അനേകം തെളിവുകളിൽ ഒന്നാണ്.

കേരളത്തിന്റെ വിപണിയിലുള്ള താത്പര്യം കമ്പനി അവസാനിപ്പിച്ചിട്ടില്ലെന്നതിന്റെയും സൂചനയായിരുന്നു അത്. ജോയിന്റ് പാർലമെന്ററി കമ്മിറ്റിയും സുപ്രീം കോടതി മോണിറ്ററിങ് കമ്മിറ്റിയും ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പ്ലാച്ചിമടയിൽ പൈപ്പിട്ട് കുടിവെള്ളം വിതരണം ചെയ്യാൻ കൂട്ടാക്കാതിരുന്ന കമ്പനി സർക്കാർ ആശുപത്രികളിൽ അതിന് തയ്യാറായത്, ഇല്ലാത്ത സാമൂഹിക പ്രതിബദ്ധത ഉണ്ടെന്ന് പൊതുജനത്തിന്റെ കണ്ണിൽ പൊടിയിടാനാണ്. കേന്ദ്രമന്ത്രി മാത്രമല്ല, നിയമസഭയിൽ ഐക്യകണ്ഠേന ബില്ല് പാസാക്കി ഒപ്പുവെച്ചതിൽ ഒരാളായ അന്നത്തെ എറണാകുളം എം.എൽ.എ ഹൈബി ഈഡനും എറണാകുളം ജില്ലാ കളക്ടറും ചടങ്ങിൽ സന്നിഹിതരായിരുന്നു. കേന്ദ്രത്തിൽ ബില്ലിന്റെ അവസ്ഥ എന്തായിരിക്കുമെന്നതിനെക്കുറിച്ച് കമ്പനിക്ക് എന്നതുപോലെ ഈ രണ്ട് ജനപ്രതിനിധികൾക്കും നല്ല അറിവുണ്ടായിരുന്നിരിക്കണം. രണ്ട് വർഷത്തോളം മറ്റ് മന്ത്രാലയങ്ങളുടെ അഭിപ്രായം അറിയേണ്ടതുണ്ടെന്ന കാരണം പറഞ്ഞ് ബില്ല് രാഷ്ട്രപതിയുടെ ഓഫീസിലേക്ക് അയക്കാതിരു

ന്ന ആഭ്യന്തര മന്ത്രാലയം 2013ൽ ബില്ലിന്റെ സാധുത സംബന്ധിച്ച് സംസ്ഥാന സർക്കാരിനോട് വിശദീകരണം ചോദിച്ചു. ബില്ല് സംബന്ധിച്ച് കമ്പനിക്ക് കിട്ടിയ നിമോപദേശം ആഭ്യന്തര മന്ത്രാലയം അറ്റോർണി ജനറലിന്റെ ഉപദേശം കൂടി തേടാതെ അതേപടി സംസ്ഥാന സർക്കാരിന് അയക്കുകയാണ് ഉണ്ടായത്. അതിന് സംസ്ഥാനം മറുപടി നൽകിയെങ്കിലും തുടർന്നും ബില്ലിന്റെ കാര്യത്തിൽ നീക്കുപോക്കുണ്ടായില്ല. ഒടുവിൽ 2015ൽ കാരണം വ്യക്തമാക്കാതെ ബിജെപി സർക്കാർ വീണ്ടും ബില്ല് തിരിച്ചയച്ചിരിക്കുകയാണ്. ബില്ലിന്റെ കാര്യത്തിൽ ഇനി തീരുമാനമെടുക്കേണ്ട സംസ്ഥാന സർക്കാർ ഇതുവരെ നിലപാട് വ്യക്തമാക്കാത്തതും അതേ കമ്പനി ശബരിമലയിൽ ശീതളപാനീയ വിപണിയുടെ കുത്തകാവകാശം നേടുന്നതും നല്ല സൂചനയല്ല നൽകുന്നത്.



### ചില കോർപ്പറേറ്റ് ഇളവുകൾ

കമ്പനിയുടെ മേൽഉദ്യോഗസ്ഥർക്കെതിരെ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസിൽ നടപടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ ഗുരുതരമായ വീഴ്ചയാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. പ്ലാച്ചിമടയിലെ കുടിവെള്ള സ്രോതസ്സുകൾ മലിനീകരിച്ച കൊക്കക്കോള കമ്പനിക്കെതിരെ പട്ടികജാതി- പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം കേസെടുക്കണമെന്ന് ആവശ്യപ്പെട്ട് പ്ലാച്ചിമടയിലെ ആദിവാസി ജനത 2015ൽ പാലക്കാട് ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകിയിരുന്നു. പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 3.13 പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ഉപയോഗിക്കുന്ന ജലസ്രോതസ്സുകൾ മലിനമാക്കിയാൽ അത് 6 മാസം മുതൽ 5 വർഷം വരെ തടവുശിക്ഷയും പിഴയും ചുമത്താവുന്ന കുറ്റമാണ്. കൊക്കക്കോള കമ്പനിയുടെ പ്ലാച്ചിമടയിലും കൊച്ചിയിലുമുള്ള വസ്തുവകകൾ കോടതി മുഖേന അറ്റാച്ച് ചെയ്യാനും തുടർന്ന് സർക്കാറിലേക്ക് കണ്ടുകെട്ടുവാനുള്ള വകുപ്പുകളും പ്രസ്തുത നിയമത്തിനുണ്ട്. കൊക്കക്കോള കമ്പനി പ്ലാച്ചിമടയിൽ കുടിവെള്ള മലിനീകരണത്തിന് കാരണമായിട്ടുണ്ടെന്നുള്ളത് മുൻവർഷങ്ങളിൽ സർക്കാർ ഏജൻസികളുടെയും അല്ലാത്തതുമായ നിരവധി പഠനങ്ങളിലൂടെ തെളിഞ്ഞ വസ്തുതയാണ്. എന്നിട്ടും ദേശീയ-സംസ്ഥാന പട്ടിക വർഗ്ഗ കമ്മീഷനുകൾ ഇടപെട്ട് കർശന നിർദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മീനാക്ഷിപുരം പൊലീസ് 2016 ജൂൺ 9ന് കമ്പനിയുടെ പ്ലാച്ചിമട പ്ലാന്റ് തലവൻ, കൊച്ചി ആസ്ഥാനമായുള്ള കേരള റീജ്യണൽ തലവൻ, ഡൽഹി നോയിഡ ആസ്ഥാനമായുള്ള അഖിലേന്ത്യാ തലവൻ എന്നിവർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തത്. സാധാരണഗതിയിൽ എഫ്ഐആർ തയ്യാറായതിന് ശേഷം കുറ്റാരോപിതരെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യേണ്ടതാണ്. പ്രസ്തുത കേസിൽ കൊക്കക്കോളയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനെ/രെ അറസ്റ്റ് ചെയ്തതായോ ചോദ്യം ചെയ്തതായോ അറിയാൻ കഴിഞ്ഞിട്ടില്ല. വിവരാവകാശ നിയമപ്രകാരം അന്വേഷിച്ചിട്ടും കേസിനെ സംബന്ധിച്ച വിവരങ്ങൾ നൽകാൻ പോലീസ് തയ്യാറായില്ല. എസ്.സി/എസ്.ടി അട്രോസിറ്റീസ് ആക്ട് പ്രകാരമുള്ള പരാതി തെളിവുകളുടെയോ വിദഗ്ധ റിപ്പോർട്ടുകളുടെയോ അഭാവത്തിലും പരിഗണിക്കാൻ പോലീസിന് ബാധ്യതയുണ്ട്. നിയമത്തിന്റെ പ്രത്യേക പരിരക്ഷ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ഉണ്ട് എന്നതിനാൽ, കുടിവെള്ളം കൊക്കക്കോള ഫാക്ടറി മലിനീകരിച്ചു എന്ന് പ്ലാച്ചിമടയിലെ ആദിവാസികൾ പരാതിപ്പെട്ടാൽ അത് അങ്ങനെയല്ലെന്ന് തെളിയിക്കേണ്ടത് കൊക്കക്കോള കമ്പനിയുടെ മാത്രം ബാധ്യതയായി മാറുമെന്ന് നിയമവിദഗ്ധർ ചൂണ്ടിക്കാട്ടിയിരുന്നു. മാവോയിസ്റ്റ് ബന്ധം, ദേശദ്രോഹം, എന്നൊക്കെ ചില സംശയങ്ങളുന്നയിച്ച് ഒരു പരാതി പോലുമില്ലാതെ ആരെ

യും കസ്റ്റഡിയിലെടുത്ത് മണിക്കൂറുകളോളം ചോദ്യം ചെയ്യാനും യുഎപിഎ ചുമത്താനും മടിയില്ലാത്ത കേരള പോലീസിന് കൊക്കക്കോളയുടെ മേലുദ്യോഗസ്ഥരെ വിളിച്ച് ചോദ്യം ചെയ്യാനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാനുള്ള ബാധ്യത ആഭ്യന്തര വകുപ്പ് കൂടി കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിക്കുണ്ട്. എന്നാൽ പോലീസിന്റെ അനാസ്ഥ ചൂണ്ടിക്കാട്ടി മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് പരാതി നൽകിയിട്ട് പോലും കേസിൽ നീക്കുപോക്കുണ്ടായിട്ടില്ലെന്നത് പ്രാദേശികമായ ഒരു പരിസ്ഥിതി പ്രശ്നത്തിന് അപ്പുറം പ്ലാച്ചിമടയുടെ രാഷ്ട്രീയം അംഗീകരിക്കാൻ സി.പി.എം മുൻ സംസ്ഥാന സെക്രട്ടറി ഇന്നും തയ്യാറല്ലെന്നതാണ് വ്യക്തമാക്കുന്നത്. കോർപ്പറേറ്റുകൾക്ക് കുടപിടിച്ച് ശബരിമലയടക്കമുള്ള പ്രദേശങ്ങളിൽ സർക്കാർ തുടരുന്ന വികസന നയങ്ങളാണ് കൊക്കക്കോള പോലുള്ള കമ്പനികളിൽ നിന്ന് സാധാരണ ജനതക്ക് നീതിനിഷേധിക്കുന്നത്.

**വാൽക്കഷ്ണം**

സംരക്ഷിത വനപ്രദേശത്തിന് അകത്തെ ഒരു സ്പെഷൽ പിൽഗ്രിമേജ് സോണായി ശബരിമല മാറിക്കഴിഞ്ഞിട്ടുണ്ട്. ഓരോ വർഷവും കോടിക്കണക്കിന് എത്തുന്ന തീർഥാടകർ വനപ്രദേശത്തിനും അതിന്റെ ജൈവ വൈവിധ്യത്തിനും ഏൽപ്പിക്കുന്ന ആഘാതം സംബന്ധിച്ച കണക്കുകൾ സർക്കാരിന് പ്രസക്തമല്ല. തീർഥാടകരുടെ സുരക്ഷക്കായി കൂടുതൽ സംസ്ഥാന-കേന്ദ്ര സേനകളെ വിന്യസിച്ചും സൗകര്യങ്ങൾ ഒരുക്കാൻ കുത്തക കമ്പനികളെ സ്വീകരിച്ചുമാണ് സ്പെഷൽ സോണുകൾ ഉണ്ടാകുന്നത്. ■

## പെപ്സി കമ്പനിക്കെതിരെയും സമരം

**പുതുശ്ശേരി** ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെപ്സി കമ്പനിയുടെ പ്ലാന്റിനെതിരെ പഞ്ചായത്ത് ഭരിക്കുന്ന സി.പി.എമ്മിന്റെ ആഭിമുഖ്യത്തിൽ സമരം ആരംഭിച്ചിരിക്കുന്നു. ജലചൂഷണവിരുദ്ധ സമിതി എന്ന പേരിൽ സമരസമിതി രൂപീകരിച്ചാണ് സമരം പ്രഖ്യാപിച്ചിരിക്കുന്നത്. പുതുശ്ശേരി പഞ്ചായത്ത് അതിരൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്ന പശ്ചാത്തലത്തിലാണ് സമരം ആരംഭിച്ചിരിക്കുന്നത്. പ്രതിദിനം ആറ് ലക്ഷം ലിറ്റർ വെള്ളം പെപ്സി കമ്പനി ഊറ്റിയെടുക്കുന്നതായാണ് കണക്കുകൾ. അനിയന്ത്രിതമായി കുഴൽ കിണർ കുഴിച്ച് കമ്പനി വെള്ളമെടുക്കുന്നതിനാൽ സമീപപ്രദേശങ്ങളിലെ കിണറുകൾ വറ്റിയെന്നും, അതിനാൽ ആറ് മാസത്തേക്ക് കമ്പനിയുടെ പ്രവർത്തനം നിർത്തിവയ്ക്കണമെന്നും ആവശ്യപ്പെട്ട് 2016 നവംബറിൽ പഞ്ചായത്ത് പെപ്സി കമ്പനിക്ക് നോട്ടീസ് നൽകിയിരുന്നു. 2016 മെയ് 10ന് പെപ്സി കമ്പനിയുടെ അമിതജലചൂഷണത്തിനെതിരെ പഞ്ചായത്ത് ഭരണസമിതിയിൽ പ്രമേയം അവതരിപ്പിക്കുകയും അത് ഐക്യകണ്ഠേന അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ഉൾപ്പെടെയാണ് കമ്പനിക്ക് പഞ്ചായത്ത് നോട്ടീസ് അയച്ചത്. എന്നാൽ പഞ്ചായത്ത് ഭരണസമിതി സ്റ്റോപ് മെമ്മൊ നൽകിയിട്ടും കമ്പനി ഇതുവരെ പ്രതികരിക്കാൻ തയ്യാറായിട്ടില്ല. വൈസ് പാർക്ക് എന്ന പ്രത്യേക വ്യവസായ മേഖലയിൽ, പ്രത്യേക അവകാശങ്ങളോടെ പ്രവർത്തിക്കുന്നതിനാൽ പഞ്ചാത്തീരാജ് നിയമത്തിന്റെ പരിധിയിൽ പെപ്സി കമ്പനി വരുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. അതുകൊണ്ടുതന്നെ പഞ്ചായത്ത് ഭരണസമിതിയുടെ നോട്ടീസിന് പെപ്സി കമ്പനി ഒരു വിലയും കൽപ്പിക്കുന്നില്ല. 2001ൽ പ്രവർത്തനമാരംഭിച്ച കമ്പനി ഇന്നേവരെ പഞ്ചായത്തിലേക്ക് നൽകേണ്ടതായ നികുതികളും ലൈസൻസ് ഫീസും നൽകിയിട്ടില്ല എന്നും പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ അവതരിപ്പിച്ച പ്രമേയത്തിൽ പറയുന്നുണ്ട്. ബഹുരാഷ്ട്ര കമ്പനിയുടെ ഈ കൊള്ളയ്ക്കെതിരെ തുടർച്ചയായ ജനകീയസമരത്തിന് തുടക്കം കുറിക്കുകയാണ് തങ്ങൾ എന്നാണ് ജലചൂഷണ വിരുദ്ധ സമിതി പറയുന്നത്. വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം നിർവഹിച്ച ഒരു ജനകീയ പാർലമെന്റും 2016 ഡിസംബർ 9ന് പുതുശ്ശേരിയിൽ സംഘടിപ്പിക്കപ്പെട്ടു. സംസ്ഥാനം ഭരിക്കുന്ന വലിയ കക്ഷിയായ സി.പി.എമ്മിന്റെ നേതൃത്വത്തിലുള്ള ജലചൂഷണ വിരുദ്ധ സമിതിക്ക് സമരം എത്രത്തോളം മുന്നോട്ടുകൊണ്ടുപോകാൻ കഴിയും എന്നതാണ് കണ്ടറിയേണ്ടത്.

കൊക്കക്കോളയ്ക്കെതിരായി പ്ലാച്ചിമടയിൽ സമരം സജീവമായിരുന്ന കാലത്ത് പെപ്സിയുടെ ജലചൂഷണത്തിനെതിരായി ഒരു സമര-ഐക്യദാർഢ്യ സമിതി ഇവിടെയും രൂപീകരിക്കപ്പെട്ടിരുന്നു. ആ സമരത്തിനും ഏറെനാൾ മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. ആ സമരത്തിലുണ്ടായിരുന്ന രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും പരിസ്ഥിതി പ്രവർത്തകരും ജലചൂഷണ വിരുദ്ധ സമിതി ഇപ്പോൾ നടത്തുന്ന സമരത്തിൽ നിന്നും ഒഴിവാക്കപ്പെട്ടു എന്നതും ശ്രദ്ധേയമാണ്. ■